
# അങ്കത്തട്ടിൽ ജ്വലിക്കുന്ന പെൺകരുത്ത്


രാഹുൽ ജോർജ്


സ്നേഹ ജെ എസ്

**വെള്ളാർ:** എൺപതാം വയസ്സിലും ഉറച്ച കാൽചുവടുകളോടെ ഭൂമിയെ തൊട്ടുവണങ്ങി അങ്കത്തട്ടിലേക്ക് ഇറങ്ങുന്ന മീനാക്ഷിയമ്മ ഗുരുക്കളുടെ മുഖത്ത് ഇന്നും ചെറുപ്പത്തിന്റെ ചുറുചുറുക്കും പ്രസരിപ്പും. ബാല്യ-കൗമാര-യൗവനങ്ങൾ ഉൾപ്പെടുന്ന തന്റെ ബൃഹത് ശിഷ്യഗണങ്ങളോട് കിതയ്ക്കാതെ പിടിച്ചുനിൽക്കും അവരുടെ കടത്തനാടൻ ശൈലി. കാരണം, കളരി എന്ന ആയോധന കലയോടുള്ള തന്റെ മനസ്സിലെ അടങ്ങാത്ത തീ ഓരോ ദിവസവും ജ്വലിക്കുകയാണ് മീനാക്ഷിയമ്മയുടെ ഉള്ളിൽ.

ചെറുപ്രായത്തിൽ തന്നെ മീനാക്ഷിയമ്മയ്ക്ക് നൃത്തത്തിനോട് കടുത്ത ഭ്രമമായിരുന്നു. തന്റെ ഏഴാം വയസ്സിൽ നൃത്തം അഭ്യസിക്കാൻ അച്ഛനോടൊപ്പം പോയ കുട്ടി മീനാക്ഷി കളരിയിലേക്ക് തിരിഞ്ഞത് തന്റെ ഗുരുക്കന്മാരുടെ നിർദേശപ്രകാരമാണ്.

അങ്ങനെ അവർ നൃത്തവും കളരിയും ഒരുപോലെ അഭ്യസിച്ചു. എന്നാൽ, തന്റെ 13ാം വയസ്സിൽ മീനാക്ഷിക്ക് അതിലൊന്ന് തിരഞ്ഞെടുക്കുകയും മറ്റേതിനോട് വിട പറയുകയും ചെയ്യേണ്ടി വന്നു. അവിടെവച്ചാണ് അവർ കളരി തന്റെ ഹൃദയമിടിപ്പാണെന്ന് തിരിച്ചറിഞ്ഞതും, തുടർന്ന് അഭ്യസിച്ചു പോന്നതും.

പതിനാറാം വയസ്സിൽ കളരി ആശാനായ രാഘവൻ ഗുരുക്കളുടെ ജീവിത സഖിയായി മാറിയ മീനാക്ഷിയമ്മ കളരിയുടെ ചികിത്സാ വിധികളും പിന്നീട് ഹൃദിസ്ഥമാക്കി. ഇന്ന് ഗുരുക്കൾ നാല് മക്കളുടെ അമ്മയും എട്ട് പേരക്കിടാങ്ങളുടെ മുത്തശ്ശിയുമാണ്. തന്റെ നാല് മക്കളും കളരി പിന്തുടരുന്നവരാണെന്നു ഗുരുക്കൾ അഭിമാനത്തോടെ പറയുന്നു. വിദേശികളും സ്വദേശികളും അടങ്ങുന്ന വലിയ ശിഷ്യവൃന്ദം ഇന്ന് മീനാക്ഷിയമ്മയ്ക്കുണ്ട്.

ആറ് വയസ്സുള്ള കുട്ടികൾ മുതൽ മധ്യവയസ്കർ വരെയുണ്ട് ഈ കൂട്ടത്തിൽ.


**പടയൊരുക്കം...**കളരി ആയുധങ്ങളുമായി പത്മശ്രീ കടത്തനാട് മീനാക്ഷി ഗുരുക്കൾ.

ഇളം പ്രായത്തിൽ കളരി പഠിക്കാൻ ആരംഭിക്കുന്നതാണ് ശരീരത്തിന് ഏറ്റവും ഉചിതം എന്നതാണ് ഗുരുക്കളുടെ അഭിപ്രായം. കഴിവതും എല്ലാവരും ചെറുപ്പത്തിൽ തന്നെ കളരി അഭ്യസിക്കണം.

ഒരു ആയോധനകല എന്നതിലുപരി കളരി, മനസ്സിനും ശരീരത്തിനും ഒരുപോലെ ആരോഗ്യം പ്രദാനം ചെയ്യുന്നു. ഇത് ചിട്ടയോടെ പരിശീലിച്ചാൽ, നമ്മുടെ വ്യക്തിത്വത്തിൽ പോലും മാറ്റങ്ങൾ സംഭവിക്കും' മീനാക്ഷിയമ്മ പറയുന്നു.

മീനാക്ഷിയമ്മയുടെ കീഴിൽ ധാരാളം പെൺകുട്ടികളും പഠനം നടത്തുന്നുണ്ട്. കളരി പഠിക്കുമ്പോൾ പെൺകുട്ടികൾക്ക് ആത്മവിശ്വാസവും, ധൈര്യവും ലഭിക്കും. അതുകൊണ്ട് ശല്യം ചെയ്യാൻ വരുന്നവരെ എന്റെ കുട്ടികൾക്ക് ഭയമില്ലെന്ന് മീനാക്ഷിയമ്മ പറയുന്നു.

ഈ ആയോധനകല സ്വയരക്ഷയ്ക്കുള്ളതാണെന്നും ആരെയും വേദനിപ്പിക്കാനുള്ളതല്ലെന്നും താൻ ശിഷ്യരെ നിരന്തരം ഓർമിപ്പിക്കുന്നുണ്ടെന്നും അവർ കൂട്ടിച്ചേർക്കുന്നു.

അങ്കത്തട്ടിലെ മീനാക്ഷിയമ്മയുടെ കളരി ജീവിതം വെള്ളിത്തിരയിലും നിറഞ്ഞാടാൻ ഒരുങ്ങുകയാണ്

കളരിപ്പയറ്റ് മുഖ്യപ്രമേയമാക്കി രഞ്ജൻ മുള്ളരാട്ട് സംവിധാനം ചെയ്യുന്ന 'ലുക്ക് ബാക്ക്' എന്ന ചിത്രത്തിലൂടെയാണ് ഗുരുക്കൾ ക്യാമറയ്ക്ക് മുന്നിൽ അരങ്ങേറുക.

കളരിപ്പയറ്റ് അഭ്യസിക്കുന്ന സിദ്ധ എന്ന സ്ത്രീയുടെ ജീവിതത്തിലെ വിവിധ ഘട്ടങ്ങളിലൂടെ കടന്നു പോകുന്ന സിനിമ ഉടൻ പുറത്തിറങ്ങും.

ആദ്യമായാണ് സിനിമയിൽ വേഷമിടുന്നതെന്നും, കളരി മുഖ്യപ്രമേയമാക്കി സിനിമ വരുന്നതിൽ സന്തോഷമുണ്ടെന്നും മുൻപും സിനിമകളിലേക്ക് ക്ഷണം ലഭിച്ചിരുന്നുവെങ്കിലും അവയെല്ലാം നിരസിക്കുകയായിരുന്നുവെന്നും മീനാക്ഷിയമ്മ പറയുന്നു.

വിദേശ ചലച്ചിത്രമേളകൾ ഉൾപ്പെടെ ലക്ഷ്യമാക്കിയുള്ള ഈ സിനിമ മലയാളത്തിനു പുറമെ ഇംഗ്ലീഷ്, കന്നട ഭാഷകളിലും പുറത്തിറങ്ങും.

# പല കൈത്തറികളൊരു കുടക്കീഴിൽ


കേരള ആർട്സ് ആൻഡ് ക്രാഫ്റ്റ്സ് വില്ലേജിലെ നെയ്ത്തുശാല

മാത്യു ജോർജ്

**കോവളം:** പല നാടുകളിൽ നിന്നും കുടിയേറിപ്പാർത്തവരുടെ കരവിരുതിൽ വിരിഞ്ഞ കൈത്തറി സൃഷ്ടികൾ കേരളത്തിന്റെ സ്വന്തമായപ്പോൾ നമുക്ക് ലഭിച്ചത് സമ്പന്നമായ വസ്ത്ര സംസ്കാരമാണ്.

നൂറ്റാണ്ടുകളുടെ ചരിത്രം പേറുന്ന കേരളത്തിന്റെ കൈത്തറി സംസ്കാരത്തെ ഒരു കുടക്കീഴിൽ അവതരിപ്പിക്കുകയാണ് കോവളത്തെ കേരള ആർട്സ് ആൻഡ് ക്രാഫ്റ്റ്സ് വില്ലേജ്.

ടെക്സ്റ്റൈൽ മന്ത്രാലയത്തിന്റെ കീഴിലുള്ള കൈത്തറി വികസന കമ്മീഷണറുടെ ഓഫീസും സംസ്ഥാന വിനോദ സഞ്ചാരവകുപ്പും ചേർന്ന് നിർമിച്ച ഹാൻഡ് ലൂം വില്ലേജിൽ കേരളത്തിന്റെ കൈത്തറി പ്രതീകങ്ങളായ ബാലരാമപുരം, ചേന്ദമംഗലം, കുത്താമ്പുള്ളി, അഴീക്കോട്, കാസർകോഡ് ശൈലികൾ അണിനിരക്കുന്നു.

കേരളത്തിന്റെ കൈത്തറി ശൈലികൾ ആഭ്യന്തര, വിദേശ വിനോദസഞ്ചാരികൾക്ക് പരിചയപ്പെടുത്തലാണ് ഹാൻഡ് ലൂം വില്ലേജിന്റെ പ്രധാന ലക്ഷ്യം.

കേരളത്തിലെ വിവിധ കൈത്തറി രീതികളും ഉൽപന്നങ്ങളും അടങ്ങിയ ഡിസ്പ്ലേ ഏരിയ, ഡിസൈൻ സ്റ്റുഡിയോ, നാച്ചുറൽ ഡൈയിങ് ലാബ് എന്നിവയാണ് ഇവിടെ ഒരുക്കിയിരിക്കുന്നത്.

സന്ദർശകർക്ക് കൈത്തറി ഉൽപന്നങ്ങൾ വാങ്ങാനും തറികൾ പ്രവർത്തിപ്പിച്ച് നോക്കാനും കഴിയും. കമ്പ്യൂട്ടറിന്റെ സഹായത്തോടെ പ്രവർത്തിക്കുന്ന ഡിസൈൻ സ്റ്റുഡിയോയിൽ കേരളത്തിന്റെ പരമ്പരാഗതമായ രൂപകൽപന ശൈലികൾ കാണാം. ചെടികളിൽനിന്നും പ്രകൃതിദത്തമായ നിറങ്ങൾ നിർമിക്കുന്ന ഹാൻഡ് ലൂം വില്ലേജിലെ നാച്ചുറൽ ഡൈയിങ് ലാബ് കൈത്തറി എത്രത്തോളം പ്രകൃതി സൗഹൃദമാണെന്ന് മനസ്സിലാക്കിത്തരുന്നു.

### ബാലരാമപുരം (തിരുവനന്തപുരം)

ഇരുന്നൂറ് വർഷത്തിലേറെ പഴക്കമുള്ള ബാലരാമപുരം കൈത്തറിയുടെ ചരിത്രം തിരുവിതാംകൂർ രാജകുടുംബവുമായി ബന്ധപ്പെട്ടതാണ്. 19-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ രാജകുടുബത്തിലേയ്ക്കുള്ള വസ്ത്രങ്ങൾ നിർമിക്കാനായി തിരുവിതാംകൂർ രാജാവ് ബാലരാമവർമ്മ തമിഴ് നാട്ടിലെ വള്ളിയൂരിൽ നിന്ന് നെയ്ത്തുകാരെ കൊണ്ടു വന്നതോടെയാണ് ബാലരാമപുരം കൈത്തറിക്ക് തുടക്കമായത്. പ്രകൃതിദത്ത വസ്തുക്കളുടെ ഉപയോഗത്തിനും മനോഹരമായ ഡിസൈനുകൾക്കും പേരു കേട്ട ഈ കൈത്തറിക്ക് 2009-ൽ ഭൗമ സൂചിക പദവിയും ലഭിച്ചിട്ടുണ്ട്.

### കുത്താമ്പുള്ളി (തൃശ്ശൂർ)

കസവ് കൈത്തറി നെയ്ത്തിന് പേര് കേട്ട കുത്താമ്പുള്ളി കൈത്തറിയുടെ ചരിത്രം കൊച്ചി രാജകുടുബവുമായി ബന്ധപ്പെട്ടതാണ്. കർണാടകയിൽ നിന്ന് ഈ നെയ്ത്ത് സമൂഹത്തെ 500 വർഷങ്ങൾക്ക് മുൻപ് രാജവസ്ത്രങ്ങൾ നിർമിക്കാൻ കൊണ്ടുവന്നു എന്നാണ് ഐതിഹ്യം. തൃശ്ശൂർ പട്ടണത്തിൽ നിന്ന് 50 കിലോമീറ്റർ അകലെയുള്ള കുത്താമ്പുള്ളി കൈത്തറി ഗ്രാമത്തിൽ ദേവാംഗ സമുദായത്തിൽപ്പെട്ട 600 ബ്രാഹ്മണ കുടുംബങ്ങളാണ് കൈത്തറി ഉൽപന്നങ്ങൾ നിർമിക്കുന്നത്. 2011-ൽ ജീ ഐ പദവി ലഭിച്ച കുത്താമ്പുള്ളി കൈത്തറിക്ക് രാജ്യത്തുടനീളം ആവശ്യക്കാരുണ്ട്.

### ചേന്ദമംഗലം (എറണാകുളം)

പതിനാറാം നൂറ്റാണ്ടിൽ ചേന്ദമംഗലത്ത് കുടിയേറിയ ദേവാംഗ ചെട്ടിയാർ സമുദായമാണ് കൊച്ചി രാജ്യത്തിന്റെ പ്രധാനമന്ത്രിയായ പാലിയത്ത് അച്ചന്റെ കുടുബത്തിനായി കൈത്തറി നിർമാണം ആരംഭിച്ചത്. റിംഗ് ടെസ്റ്റിൽ വിജയിച്ചിരുന്ന മസ്ലിൻ ധോത്തികൾ വരെ നെയ്തിരുന്ന ഇവരുടെ കൈത്തറി പാരമ്പര്യം കൊച്ചിയിലെ പ്രഭുക്കന്മാരുടെ സംരക്ഷണത്തിൽ വികസിച്ചു. 2011-ലാണ് ചേന്ദമംഗലം കൈത്തറിക്ക് ഭൗമ സൂചിക പദവി ലഭിക്കുന്നത്.

### അഴീക്കോട് (കണ്ണൂർ)

കണ്ണൂർ ജില്ലയിലെ കൈത്തറി വ്യവസായം 19-ാം നൂറ്റാണ്ടിൽ മാത്രമാണ് പ്രചാരം നേടിയതെങ്കിലും 16-ാം നൂറ്റാണ്ടിൽ തുടങ്ങിയതാണ്. രാജകുടുംബത്തിന് ആവശ്യമായ തുണിത്തരങ്ങൾ നിർമിക്കുന്നതിനായി ചിറയ്ക്കൽ രാജാക്കന്മാർ തമിഴ്നാട്ടിൽ നിന്ന് കൊണ്ടുവന്ന പരമ്പരാഗത കരകൗശല സംഘമായ ശാലിയ സമുദായത്തിൽപ്പെട്ടവരാണ് നെയ്ത്തുകാർ. കണ്ണൂരിലുടനീളം വ്യത്യസ്ത നെയ്ത്ത് തെരുവുകൾ ഇവർ സ്ഥാപിച്ചു. 2009 - ലാണ് ഭൗമ സൂചിക പദവി ലഭിക്കുന്നത്.

### കാസർകോഡ്

കാസർകോഡ് കൈത്തറിയുടെ ഉത്ഭവം എ ഡി 18-ാം നൂറ്റാണ്ടിലാണ്. നെയ്ത്തുകാരായ ശാലിയ സമുദായവുമായി ബന്ധപ്പെട്ട ഈ കൈത്തറി ഗുണനിലവാരത്തിൽ അതിപ്രശസ്തമാണ്. 2010 -ൽ ഭൗമ സൂചിക പദവി ലഭിച്ച ഈ കൈത്തറി ഉൽപന്നങ്ങൾ 20 വർഷം വരെ ഈട് നിൽക്കുന്നവയാണ്.


**കേരകല:** രണ്ട് ഉണക്ക തേങ്ങകളും, തേങ്ങയുടെ തൊണ്ടും, ചകിരിയും ഉപയോഗിച്ച് മൂന്ന് മാസം കൊണ്ട് എ.പ്രതാപ് നിർമിച്ച കഥകളി രൂപമാണിത്. ഈ വർഷത്തെ സംസ്ഥാന അവാർഡിനായി ഇത് അയച്ചിട്ടുണ്ട്. ചിത്രം: സ്നേഹ ജെ എസ്

# കൈതോലയിൽ വിരിഞ്ഞ കരവിരുത്


നിമ്മി ആന്റണി

**കോവളം:** നാടെങ്ങും പ്ലാസ്റ്റിക് അടക്കിവാഴുമ്പോൾ അല്പം അധ്വാനിച്ചിട്ടാണെങ്കിലും ലക്ഷ്മിയമ്മ കൈതയും വൈക്കോലും കൊണ്ട് മലയാളിയുടെ മനസ്സുകവരുകയാണ്.

പ്രകൃതിദത്തമായ ഈ അസംസ്കൃത വസ്തുക്കൾകൊണ്ട് കോവളത്തെ കേരള ആർട്സ് ആൻഡ് ക്രാഫ്റ്റ്സ് വില്ലേജിൽ ഇവർ വിസ്മയം തീർക്കുന്നു.

കൃത്രിമ നിറങ്ങളില്ലാതെ വൈക്കോലുകൊണ്ട് നിർമിക്കുന്ന ചിത്രങ്ങളാണ് ഇവിടെ സഞ്ചാരികളെ അതിശയിപ്പിക്കുന്നത്. ഒരു ചിത്രത്തിന്റെ രൂപരേഖ വരച്ചതിനുശേഷം വൈക്കോലുകൾ അതിനു ചേരുന്ന രീതിയിൽ മുറിച്ച് ഒട്ടിക്കുകയാണ് ചെയ്യുന്നത്. ചിത്രത്തിന് ആവശ്യമായ മഞ്ഞ നിറത്തിനായി വൈക്കോൽ മഞ്ഞൾപൊടിയിൽ മുക്കിയതിനു ശേഷം ഉപയോഗിക്കുന്നു, സ്വർണ നിറവും അതിന്റെ തന്നെ കടും നിറവും വൈക്കോൽ നാരുകളിൽ തന്നെയുണ്ട്. വെള്ളനിറത്തിനായി വൈക്കോലിന്റെ ഉൾഭാഗത്തെ നാരുകൾ ഉപയോഗിക്കുന്നു.

ചിത്രങ്ങൾ കൂടാതെ കൈത ഉപയോഗിച്ചുകൊണ്ടുള്ള തഴപ്പായകളും, പെൻസ്റ്റാൻഡുകളും, പൗച്ചുകളും ലഭ്യമാണിവിടെ.

പരമ്പരാഗതമായി പായ നിർമിക്കുന്ന ലക്ഷ്മി അമ്മയാണ് ഇവയുടെ നിർമാണത്തിൽ ചുക്കാൻ പിടിക്കുന്നത്. സ്വന്തം നാടായ കരുനാഗപ്പള്ളിയിൽ നിന്നാണ് ഇതിനാവശ്യമായ കൈതയോലകൾ കൊണ്ടുവരുന്നത്.


കൈതോലകൊണ്ട് നിർമിച്ച വസ്തുക്കളുടെ സ്റ്റാൾ

ഒരു തഴപ്പായ നിർമിക്കുവാനായി ഏകദേശം ആറ് ദിവസം വേണ്ടി വരും. ഇതിനായി കൈത പുഴുങ്ങി ഉണക്കണം. ചുരുണ്ട ഓലകൾ നിവർത്തുന്നതിനായി കത്തി അല്ലെങ്കിൽ നഖമാണ് ഉപയോഗിക്കുന്നത്. രണ്ടുതരത്തിലുള്ള തഴപ്പായകളാണ് ഇവിടെനിന്ന് ലഭിക്കുന്നത്.

ഒന്ന്, കൈത പച്ചയ്ക്ക് ഉണക്കിയതിനുശേഷം മെടഞ്ഞെടുക്കുന്നതാണ്. അവയ്ക്ക് അല്പം കട്ടി കൂടുതലായിരിക്കും. രണ്ടാമത്തേത്, പുഴുങ്ങിയെടുത്തതിനുശേഷം രണ്ട് പാളികൾ ഒരുമിച്ച് ചേർത്ത് ചെയ്യുന്നതാണ്. ഇവ ആദ്യത്തേതിനേക്കാൾ മിനുസമുള്ളതായിരിക്കും. ദീർഘകാലം നിലനിൽക്കുന്ന ഈ പായയുടെ വില 4000 രൂപയാണ്.

പഴകിയാൽ മറ്റ് പ്ലാസ്റ്റിക് ഉത്പന്നങ്ങളെപോലെ ഭൂമിക്കോ അല്ലെങ്കിൽ വായുവിനോ ഇവ മാലിന്യം സൃഷ്ടിക്കുന്നില്ല, ഉപയോഗശൂന്യമായാൽ അവ കത്തിച്ചുകളയാവുന്നതാണ്. ഇല ആയതിനാൽ മണ്ണിനു ദോഷമുണ്ടാകുന്നുമില്ല.


പണ്ടൊക്കെ ആളുകൾ മതിലിന് പകരം കൈത നട്ടിരുന്നു എന്നാൽ പാമ്പ് കയറുന്നതിനാൽ നടാതെയായി. അതിനാൽ ഇതിന്റെ ലഭ്യത ഇപ്പോൾ വളരെ കുറവാണെന്ന്" നിർമാണത്തിൽ പങ്കുചേരുന്ന നിഷ എസ് പറയുന്നു.

# സേതുവിന് തല്ലുകിട്ടിയ ആ പൊലീസ് സ്റ്റേഷൻ ഇവിടുണ്ട്!


ചിത്രാഞ്ജലി സ്റ്റുഡിയോയിലെ 'കിരീടം സ്റ്റേഷൻ' എന്നറിയപ്പെടുന്ന പൊലീസ് സ്റ്റേഷൻ

രാഹുൽ ജോർജ്

**തിരുവല്ലം:** 'രാമപുരം! നിങ്ങൾക്കറിയില്ല ആ സ്ഥലം. ഇത്രയും ക്രിമിനൽസും കേസുമുള്ള ഒരു സ്റ്റേഷൻ!'. പനിഷ്മെന്റ് ട്രാൻസ്ഫർ ലഭിച്ച ഹെഡ് കോൺസ്റ്റബിൾ അച്യുതൻ നായർ പുതിയ ഇടത്തേക്ക് സ്ഥലം മാറി പോകാനൊരുങ്ങുമ്പോൾ എസ്.ഐ. നൽകുന്ന മുന്നറിയിപ്പാണിത്. എന്നാൽ, ഇതൊന്നും കാര്യമാക്കാതെ രാമപുരത്ത് ചാർജെടുക്കുന്ന അച്യുതൻ നായർക്കും കുടുംബത്തിനും കാലം കാത്തുവച്ചത് ആർക്കും തടുക്കാനാവാത്ത വിധിയായിരുന്നു.




മകനെ എസ്.ഐ യായി കാണുന്നതിന് പകരം ഒരു കൊലയാളിയായി കാണേണ്ടി വരുന്ന, വീട്ടിൽ നിന്ന് മകനെ ഇറക്കി വിടേണ്ടി വരുന്ന, സ്റ്റേഷനിലെ ലോക്കപ്പ് മുറിയിലിട്ട് സ്വന്തം മകനെ തല്ലി ചതയ്ക്കേണ്ടി വരുന്ന, ഒടുവിൽ അവന്റെ ചിത്രം സ്റ്റേഷനിലെ ലുക്ക് ഔട്ട് ബോർഡിൽ പതിപ്പിക്കേണ്ടി വരുന്ന അച്യുതൻ നായരുടെ അവസ്ഥ ഒരു മലയാളിയും മറക്കാൻ ഇടയില്ല.

മലയാളസിനിമാ ചരിത്രത്തിലെ ലക്ഷണമൊത്ത ക്ലാസ്സിക് സിനിമകളിൽ ഒന്നായ കിരീടത്തിന്റെ കഥാസന്ദർഭമാണ ഇവിടെ വിവരിച്ചത്. പ്രദർശനത്തിനെത്തിയതിന്റെ മുപ്പത്തിയഞ്ചാം വർഷത്തിലേക്കു 'കിരീടം' ചുവടുവെയ്ക്കുമ്പോൾ, സിനിമയിലെ ആ പൊലീസ് സ്റ്റേഷൻ ചിത്രാഞ്ജലി സ്റ്റുഡിയോയിൽ ഇന്നും തലയുയർത്തി നിൽക്കുന്നു.

മോഹൻലാൽ അനശ്വരമാക്കിയ സേതുമാധവന്റെ ജീവിതം കശക്കിയെറിഞ്ഞ രാമപുരത്തെ പൊലീസ് സ്റ്റേഷൻ ചിത്രീകരിച്ചത് സ്റ്റുഡിയോയിൽ സെറ്റിട്ട ഈ കെട്ടിടത്തിലാണ്. ധാരാളം സിനിമകളിൽ പൊലീസ് സ്റ്റേഷനായിട്ടും, വിവിധ സർക്കാർ ഓഫീസുകളായിട്ടും ഈ കെട്ടിടം ഉപയോഗിച്ചിട്ടുണ്ടെങ്കിലും, ഈ സിനിമയുടെ പേരിൽ 'കിരീടം സ്റ്റേഷൻ' എന്നാണിത് അറിയപ്പെടുന്നത്. കെട്ടിടത്തിനുള്ളിൽ കയറിയാൽ സേതുമാധവൻ കിടന്ന ലോക്കപ്പ് മുറിയും, എസ്.ഐയുടെ ഓഫീസും, മറ്റ് അനുബന്ധ മുറികളും കാണാൻ കഴിയും. ഒരു അസ്സൽ പൊലീസ് സ്റ്റേഷന്റെ രൂപവും ഭാവവും ഇന്നും ഇതിനുണ്ട്.

സ്റ്റുഡിയോയിലെ ഈ സെറ്റിനു പുറമെ ജില്ലയിലെ പല ഭാഗങ്ങളിലും 'കിരീടം' ചിത്രീകരിച്ചിട്ടുണ്ട്. സിനിമയിലെ കവലയും ആരാത്തറയും ചിത്രീകരിച്ചിട്ടുള്ളത് ആര്യനാടാണ്. വെള്ളായണി കായലിനു കുറുകെയുള്ള പാലമാണ് ഗാനരംഗത്തിലും മറ്റുമുള്ളത്. ഇത് ഇന്ന് കിരീടം പാലമായി സംരക്ഷിക്കപ്പെടുന്നു. സിനിമയിലെ ക്ലൈമാക്സ് രംഗമായ ചന്തയിലുള്ള സംഘട്ടനം നടക്കുന്നത് ആര്യനാടിനു സമീപം പള്ളിവേട്ടയിലാണ്. എല്ലാം തിരുവനന്തപുരത്തും സമീപത്തുമുള്ള സ്ഥലങ്ങൾ.

പുതിയകാല മലയാള സിനിമകൾ സ്റ്റുഡിയോ സെറ്റുകൾ ഉപേക്ഷിച്ചു പുറത്തേക്കിറങ്ങിയപ്പോൾ ചിത്രാഞ്ജലിയിലെ ഈ സെറ്റുകൾ ഇന്ന് ഭൂതകാലത്തിന്റെ ഓർമകൾ നിലകൊള്ളുന്ന സ്മാരകങ്ങളായി മാറിയിരിക്കുന്നു. പൂർണമായി ഇവ ഉപയോഗശൂന്യമായെന്നു പറയാൻ പറ്റില്ല, കാരണം ചെറിയ മുതൽ മുടക്കുള്ള സിനിമകളും, ടിവി സീരിയലുകളും ഇന്നും ഈ സെറ്റുകൾ ചിത്രീകരണത്തിനായി ആശ്രയിച്ചു പോരുന്നുവെന്ന് സെറ്റ്-ലാൻഡ്സ്കേപ്പ് ടെക്നീഷ്യൻ രവി കോളിയൂർ പറയുന്നു.

ലോഹിതദാസിന്റെ തിരക്കഥയുടെ പിൻബലത്തിൽ സിബി മലയിൽ സംവിധാനം നിർവഹിച്ച് കൃപ ഫിലിംസിന്റെ ബാനറിൽ ദിനേശ് പണിക്കരും എൻ. കൃഷ്ണകുമാറും ചേർന്നാണ് കിരീടം നിർമിച്ചത്.

# കളിമൺ കോളാമ്പികൾ മണ്ണിന്റെ മണത്തോടെ പാടുന്നു


കളിമണ്ണുകൊണ്ടുണ്ടാക്കിയ ടെറാക്കോട്ട ആംപ്ലിഫയറുകൾ ചിത്രം: ആരതി കെ എ

ആരതി കെ എ

**കോവളം:** ഒന്നര വർത്തിനുള്ളിൽ ആയിരത്തിൽ പരം ആംപ്ലിഫയറുകൾ. ഗായിക സിത്താരയും സംഗീത സംവിധായകൻ എം ജയചന്ദ്രനും ക്രാഫ്റ്റ് വില്ലേജിൽ നിന്ന് മടങ്ങിയത്ആംപ്ലിഫയറുമായാണ്.

മണ്ണിന്റെ മണമുള്ള പാട്ടുകൾ കേൾക്കാൻ മലയാളികളെക്കാൾ പ്രിയം വിദേശികൾക്കാണ്. ജി ട്വന്റി മീറ്റിങ്ങിന്റെ ഭാഗമായി എത്തിയ വിദേശ പ്രതിനിധികളും ആംപ്ലിഫയറിൽ പാട്ടു കേട്ട് കൗതുകം പൂണ്ട് മൺകോളാമ്പി സ്വന്തമാക്കിയെന്ന് ആംപ്ലിഫയർ സ്രഷ്ടാവായ ശിവപ്രകാശ് പറഞ്ഞു.

മണ്ണല്ലേ, മണ്ണിന് ഇത്രയും വിലയോ എന്ന് ചോദിക്കുന്നത് പഴയ തലമുറ. ഓ ഇത് മണ്ണ് ആണോ, മണ്ണിൽ ജോലി ചെയ്യുന്ന കലാകാരനാണോ നിങ്ങളെന്ന് ചോദിക്കുന്നത് പുതിയ തലമുറ. ടെറാക്കോട്ട ശില്പിയായ ഷിനു പ്രസാദും പോട്ടറി ചെയ്യുന്ന ശിവപ്രകാശുമാണ് തങ്ങളുടെ കലവിരുതുകളിലൂടെ തലമുറകളെക്കൊണ്ട് ഇങ്ങനെ ചോദിപ്പിക്കുന്നത്.

കഴിഞ്ഞ ഒന്നരവർഷമായി കോവളം ആർട്സ് ആന്റ് ക്രാഫ്റ്റ് വില്ലേജിലുള്ള ഇവർ കളിമണ്ണിൽ നിന്നും നൂതനാശയങ്ങളാണ് രൂപപ്പെടുത്തുന്നത്. ബുദ്ധ, ഇന്റീരിയർ ഡെക്കറേഷനു വേണ്ടിയുള്ള ഫ്ലവർ വാസുകൾ മറ്റു രൂപങ്ങൾ എന്നിവയ്ക്കൊപ്പം പല വലിപ്പത്തിലും രൂപത്തിലുമുള്ള കളിമൺ കോളാമ്പി അഥവാ 'ടെറാക്കോട്ട അക്കുസ്റ്റിക് ആംപ്' (ആംപ്ലിഫയറുകൾ) എന്നിവയും സ്റ്റാളിൽ കാണാം. ഈ മൺ സ്പീക്കറുകൾ ഒരു ബാസ് സൗണ്ട് ഇഫക്റ്റ് പുറപ്പെടുവിപ്പിക്കുകയും ശബ്ദം മെച്ചപ്പെടുത്തുകയും ചെയ്യുന്നു.

പാറശ്ശാലയിൽ പണ്ട് വേളാർ (കുശവ) സമുദായത്തിൽ ഈ കുലത്തൊഴിൽ ചെയ്യുന്ന അൻപതോളം കുടുംബങ്ങളുണ്ടായിരുന്നു. എന്നാൽ ഇപ്പോൾ ആരും തന്നെയില്ല.

മണ്ണിന്റെ ലഭ്യതക്കുറവ്, കൃത്യമായ വരുമാനമില്ലായ്മ, വൈറ്റ് കോളർ തൊഴിലല്ലാത്തത് എന്നിവയെല്ലാം തൊഴിൽ അന്യം നിൽക്കാനുള്ള കാരണങ്ങളാണ്.

കാലത്തിനൊപ്പം ഈ തൊഴിൽ നവീകരിക്കാത്തതാണ് പ്രധാന പ്രശ്നം. തൊഴിലിന്റെ സാധ്യതകൾ അവർ തിരിച്ചറിയുന്നില്ല. മൺകലം, പാത്രം, കൂജ, കുടം എന്നിവയ്ക്കപ്പുറമുള്ള സാധ്യതകളിലേക്ക് അവർ തിരിയുന്നില്ല.

ഇതൊരു മത്സര മേഖലയല്ലെന്നും ആളുകളുടെ പങ്കാളിത്തം കുറവാണെന്നും, എന്നാൽ ഇതിൽ നിന്ന് ധാരാളം പണം സമ്പാദിക്കാൻ കഴിയുമെന്നും തിരിച്ചറിഞ്ഞപ്പോഴാണ് എൻജിനിയറിങ് പഠനത്തിന് ശേഷം ഈ മേഖലയിലേക്ക് വന്നതെന്ന് ഷിനു പ്രസാദ് പറഞ്ഞു.

ഇതുവരെ നേരിൽ കാണാത്ത മുച്ചിലോട്ട് ഭഗവതി തെയ്യത്തെ റഫറൻസ് ചിത്രത്തിന്റെ സഹായത്തിൽ ഭാവനയിലൂടെ കമ്മീഷൻ വർക്കായി ചെയ്യുമ്പോൾ ഒന്നിന് രൂപ മൂവായിരമാണ് തങ്ങൾക്ക് ലഭിക്കുന്നതെന്ന് ഷിനു പറയുന്നു.

കുലത്തൊഴിൽ എന്ന ചിന്ത ഇന്ന് അപ്രസക്തമാണ്, മറ്റു കുലങ്ങളിൽ നിന്നുള്ള ധാരാളം പേരാണ് ഇന്ന് ടെറാക്കോട്ട വർക്ക് പഠിക്കാനായി എത്തുന്നത്.

ആർക്കിടെക്ചർ, ഡിസൈനിങ് തുടങ്ങി പല മേഖലകളിൽ നിന്നുള്ള വിദ്യാർഥികൾ ഈ വർക്കുകൾ കാണാനും പഠിക്കാനും അവ ചെയ്യാനുമായി എത്താറുണ്ടെന്നും അവർ നൂതനാശയങ്ങൾ സമ്മാനിക്കാറുണ്ടെന്നും പോട്ടറി ചെയ്യുന്ന ശിവപ്രകാശ് പറയുന്നു.

ക്രാഫ്റ്റ് വില്ലേജിൽ എത്തുന്ന ഓരോ കലാകാരനിൽ നിന്നും പുതിയ അറിവുകൾ ലഭിക്കുകയാണെന്നും അതിലൂടെ കിട്ടുന്ന ആശയങ്ങൾ മണ്ണിലൂടെ വിരിയിക്കാനുള്ള ശ്രമങ്ങൾ തുടരുകയാണെന്നും ഷിനു പ്രസാദ് പറഞ്ഞു. അടുത്തതായി ടെറാക്കോട്ട കൂളർ നിർമിക്കുന്നതിന്റെ പണിപ്പുരയിലാണ് ഇരുവരും.

ഇൻസ്റ്റഗ്രാമിലൂടെ തങ്ങളുടെ ടെറാക്കോട്ട ഉൽപ്പന്നങ്ങൾ വിൽക്കുന്ന ഇവർ അന്യം നിന്നു പോകുമായിരുന്ന പാരമ്പര്യ തൊഴിലിനെ നവീന മുഖങ്ങളോടെ പുത്തൻ തലമുറയ്ക്ക് മുന്നിൽ പരിചയപ്പെടുത്തുകയും അതിന്റെ അനന്ത സാധ്യതകൾ തുറന്നുകാട്ടുകയുമാണ്.

# താരമായി സോള വുഡ്: സുസ്ഥിര പുഷ്പ നിർമാണം


ഭുവനേശ്വരി ബി

**കോവളം:** പുഷ്പ കരകൗശല രംഗത്ത് കടലാസ്, പ്ലാസ്റ്റിക് പോലുള്ള വസ്തുക്കൾക്ക് ബദലായി കടന്നുവന്നിരിക്കുകയാണ് സോള വുഡ് ഷീറ്റുകൾ.

പരിസ്ഥിതി സൗഹൃദവും സുസ്ഥിരമായ സ്വഭാവവും കാരണം ജനപ്രീതി നേടിയ സോളഷീറ്റുകൾ ബൊട്ടാണിക്കൽ കരകൗശല ലോകത്ത് വിപ്ലവം സൃഷ്ടിക്കുകയാണ്.

കപ്പയിൽ നിന്നാണ് ഈ ഷീറ്റുകൾ നിർമിക്കുന്നത്. ദിവസങ്ങൾക്കുള്ളിൽ വാടിപ്പോകുന്ന പ്രകൃതിദത്ത പൂക്കളിൽ നിന്ന് വ്യത്യസ്തമായി, ഈ പൂക്കൾക്ക് അവയുടെ ഊർജസ്വലമായ നിറങ്ങളും ഘടനാപരമായ സമഗ്രതയും നിലനിർത്താനാകും. വ്യത്യസ്ത വർണങ്ങളിലുള്ള ഈ പൂക്കളിൽ അക്രിലിക്ക് പെയിന്റിനുപകരം സ്വാഭാവിക ഫുഡ് കളറുകളും ഉപയോഗിക്കാം.

ദീർഘകാല സൗന്ദര്യം ആഗ്രഹിക്കുന്ന പ്രത്യേക പരിപാടികൾക്കും അവസരങ്ങൾക്കും ഈ പൂക്കൾ ഉപയോഗിക്കാവുന്നതാണ്.

അസംസ്കൃത സോള വുഡ് ഷീറ്റുകൾ ഇതളുകളിലേക്ക് മാറ്റാൻ പ്രത്യേക സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നു.

ഈ ഷീറ്റുകൾ ഉപയോഗിച്ച് തിരുവനന്തപുരം ആർട്സ് ആൻഡ് ക്രാഫ്റ്റ്സ് വില്ലേജിലെ ഡ്രൈ ഫ്ലവർ ക്രാഫ്റ്റ്സിന്റെ സ്റ്റാളിൽ വ്യത്യസ്ത വർണങ്ങളിലുള്ള പൂക്കൾ ഉണ്ടാക്കി വിൽക്കുകയാണ് ഗിഫ്റ്റിയും അവരുടെ സഹായികളും.


പരിസ്ഥിതി സൗഹൃദമായി തയാറാക്കിയ സോള വുഡ് പൂക്കൾ

സുസ്ഥിര സ്രോതസ്സുകളിൽ നിന്ന് ഉണ്ടാക്കുന്നതിനാൽ, ഈ പൂക്കൾക്ക് പരിസ്ഥിതി ആഘാതം കുറവാണ്. വാടിപോകുന്ന പ്രകൃതിദത്ത പൂക്കളിൽനിന്ന് വ്യത്യസ്തമായി ഇവ വർഷങ്ങളോളം സൂക്ഷിക്കാൻ കഴിയും.

സോള വുഡ് ഷീറ്റുകൾ ഉപയോഗിച്ചുള്ള പരമ്പരാഗത പുഷ്പ നിർമാണം ഏഷ്യയിൽ നിന്നാണ് ഉത്ഭവിച്ചത്. ഇപ്പോൾ ലോകമെമ്പാടും വ്യാപിച്ചിരിക്കുന്നു. ഈ ഷീറ്റുകൾ ഉപയോഗിച്ചുള്ള ക്രാഫ്റ്റിൽ താല്പര്യമുള്ളവർ വ്യത്യസ്ത ഡിസൈനുകളിൽ പരീക്ഷണങ്ങൾ നടത്തുന്നുണ്ട്.

കേരളത്തിൽ ഈ ഷീറ്റുകൾക്ക് ലഭ്യതക്കുറവ് നേരിടുന്നതിനാൽ ബംഗാളിൽ നിന്നാണ് ഇവ ഇറക്കുമതി ചെയുന്നത്.

കത്തികൾ, ഗ്ലൂ ഗൺ, ക്ലിപ്പുകൾ എന്നിവയുൾപ്പെടെയുള്ള വിവിധ ഉപകരണങ്ങൾ ഉപയോഗിച്ചാണ് ഓരോ ഷീറ്റുകളും പൂക്കൾക്ക് അനുസരിച്ച ആകൃതിയിൽ വെട്ടി എടുക്കുന്നത്.

# നാഥനില്ലാതെ കലാസൃഷ്ടികൾ


ടി വി ഗോപിനാഥൻ ഫയൽ ചിത്രം

ശ്രീപാർവ്വതി എസ്

**തിരുവനന്തപുരം:** കന്നുകാലികളുടെ പരുക്കൻ കൊമ്പുകളെ മിനുസ്സപ്പെടുത്തി നൃത്തമാടുന്ന മയിലും, ചെറിയ മീനും, ചെടികളുമെല്ലാം ഉളിയിൽ ചെത്തി മിനുക്കുമ്പോൾ ടി വി ഗോപിനാഥന്റെ മനസ്സിൽ ഒരു ആഗ്രഹമേ ഉണ്ടായിരുന്നുള്ളു. ഒരിക്കലും ഈ കരവിരുത് അന്യംനിന്നുപോകരുത് തന്റെ കാലശേഷവും ആരെങ്കിലുമിത് പിൻതുടരണം.

എന്നാൽ ആഗ്രഹങ്ങൾ ബാക്കി വച്ച് അദ്ദേഹം യാത്രയായപ്പോൾ ഇല്ലാതായത് കേരളത്തിലെ കൊമ്പ് കൊണ്ടുള്ള പരമ്പരാഗത കരകൗശല വിദ്യയാണ്. ഹൃദയാഘാതത്തെ തുടർന്നുണ്ടായ അദ്ദേഹത്തിൻറെ വിയോഗത്തിൽ തലമുറകളായി കൈമാറി വന്ന കലയാണ് നഷ്ടമായത്.

തിരുവനന്തപുരം കല്ലുംമൂട് സ്വദേശിയായ ടി വി ഗോപിനാഥൻ 46 വർഷം കൊമ്പ് കൊണ്ടുള്ള കരകൗശലത്തിൽ സ്ഥിരസാന്നിധ്യമായിരുന്നു.

കേരളത്തിലെ തന്നെ പ്രഗത്ഭരായ കരകൗശല വിദഗ്ധരിൽ അവസാനത്തെ കണ്ണിയായിരുന്നു ഇദ്ദേഹം. പാരമ്പര്യമായി കൈവന്ന കലയിലൂടെ ദേശീയ അവാർഡിനായി നാമനിർദ്ദേശം ചെയ്യപ്പെടുകയും സംസ്ഥാന അവാർഡിന് അർഹനാവുകയും ചെയ്തു. കേരളത്തിനു പുറമെ മുംബൈ, കൊൽക്കത്ത, ഡൽഹി എന്നിവടങ്ങളിലെ മേളകളിൽ ഗോപിനാഥ് പങ്കെടുത്തിട്ടുണ്ട്.

കൊമ്പിന്റെ മുകളിലെ പാളി മാറ്റി സാൻഡ് പേപ്പറും കടപ്ലാവിന്റെ ഇലയും ഉപയോഗിച്ച് മിനുസപ്പെടുത്തും. കൊമ്പിനെ ചൂടാക്കി വഴക്കമുള്ളതാക്കി മാറ്റി ഉദ്ദേശിക്കുന്ന രൂപങ്ങൾ കൊത്തിയെടുക്കുന്നു. വലിപ്പം അനുസരിച്ചാണ് വില. 150 രൂപ മുതൽ ആരംഭിക്കുന്നു.

ഗോപിനാഥന്റെ മരണശേഷം ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സഹകരണ സൊസൈറ്റി കോവളത്തെ ആർട്സ് ആൻഡ് ക്രാഫ്റ്റ് വില്ലേജിലെ സ്റ്റാളിൽ അദ്ദേഹത്തിന്റെ കലാസൃഷ്ടികൾ പ്രദർശനത്തിനും വില്പനയ്ക്കായും വച്ചിട്ടുണ്ട്.

